# ഞാനയാളെ പരിഗണിച്ചിട്ടേയില്ല

(ശൈഖ് മുഹമ്മദ് കാരക്കുന്ന്)

ചോ: ആരാണീ ഞാൻ?

ഉ: വർഷങ്ങൾക്ക് മുമ്പ് ബ്രദർ കാരക്കുന്ന് എന്ന പേരിലറിയപ്പെട്ടിരുന്ന, ഇപ്പോൾ ശൈഖ് മുഹമ്മദ് കാരക്കുന്ന് എന്ന പേരിൽ വിശ്രുതനായ കേരളത്തിലെ ജമാഅത്ത് അസി. അമീർ.

ചോ: ശൈഖ് മുഹമ്മദ് പരിഗണിക്കാത്ത ഈ 'അയാൾ' ആരാണ്?

ഉ: ബഹുമാനപ്പെട്ട ഉമർ മൗലവി(റ)

ചോ: എന്തേ ശൈഖ് മുഹമ്മദ് ഉമർ മൗലവി(റ)യെ പരിഗണിക്കാതിരിക്കാൻ കാരണം?

ഉ: അത് ഒരു ഇൻസിഡന്റിന്റെ ഭാഗമാണ്.

ചോ: എന്താണത്?

ഉ: ശൈഖ് മുഹമ്മദ് ബ്രദറായിരിക്കുന്ന കാലം. അഥവാ 74 ഡിസംബർ 24 ന് ചന്ദ്രികയുടെ ഈദുൽ അദ്ഹാ പതിപ്പിൽ അന്ത്യപ്രവാചകന്റെ അന്ത്യപ്രസംഗം എന്ന പേരിൽ ശൈഖ് ഒരു ലേഖനം എഴുതിയിരുന്നു.

നബി(സ)യുടെ ഹജ്ജത്തുൽ വിദാഇലെ പ്രസംഗത്തിന്റെ വിവർത്തനമായിരുന്നു അത്.

ചോ: ആ ലേഖനത്തിലെന്തായിരുന്നു പ്രശ്നം?

ഉ: ശൈഖ് മുഹമ്മദ് അതിലൊരു ഹദീസിന് താഴെ കാണുംവിധം അർഥം കൊടുത്തിരുന്നു:

''ജനങ്ങളെ പിശാചിന്ന് നിരാശനാണ്. നിങ്ങളുടെ ഈ രാജ്യം അവന്റെ കൽപന നിരാകരിച്ചിരിക്കുന്നുവെന്ന് ബോധ്യമായിട്ടുണ്ട്. അതിനാൽ അവൻ പ്രതികാരം ആഗ്രഹിക്കുന്നു. ശ്രദ്ധിക്കുക സൂക്ഷിക്കുക.''

ചോ: ഈ ലേഖനവും ഉമർ മൗലവിയും തമ്മിലുള്ള ബന്ധമെന്ത്?

ഉ: ഈ ലേഖനം കണ്ടപ്പോൾ മേലെക്കൊടുത്ത അർഥത്തിന്റെ അറബി മൂലം അയച്ചുതരണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വന്ദ്യനായ ഉമർ മൗലവി(റ) ശൈഖ് മുഹമ്മദിന് കത്തയച്ചു. പക്ഷെ, 'പാണ്ഡിത്യഭാരം കൊണ്ട് വിനീത'നായിരുന്ന ശൈഖ് മുഹമ്മദ് ഉമർ മൗലവിക്ക് മറുപടി അയച്ചില്ല.

ചോ: പിന്നെ എന്തുണ്ടായി?

ഉ: എന്തേ മറുപടി നൽകിയില്ല എന്നതിനെ സംബന്ധിച്ച് അന്വേഷിച്ചു കൊണ്ട് കെ.സി. അബ്ദുല്ല മൗലവി ശൈഖിന് കത്തെഴുതി. അപ്പോൾ ശൈഖ് മുഹമ്മദ് കെ.സിക്ക് മറുപടി നൽകി.

ചോ: എന്തായിരുന്നു ഉള്ളടക്കം?

ഉ: കെ.സി. അബ്ദുല്ല മൗലവിക്കുള്ള ശൈഖിന്റെ മറുപടിയിൽ 'വിനയത്തിന്റെ അറ്റത്തിന്റെ അങ്ങേയറ്റം' തുടിച്ചു നിന്നിരുന്നു! ശൈഖ് ഇങ്ങനെ എഴുതി:

''ഉമർ മൗലവി നടത്തിക്കൊണ്ടിരിക്കുന്നത് ഇസ്‌ലാമിക പ്രവർത്തനമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മാത്രമല്ല, അവ ഇസ്‌ലാമിക വിരുദ്ധങ്ങളും ഇസ്‌ലാമിന്റെ എതിരാളികളെ മാത്രം തൃപ്തിപ്പെടുത്തുകയും ചെയ്യുന്നവയാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. **അതിനാൽ ഞാനയാളെ പരിഗണിച്ചിട്ടേയില്ല.**''

ചെറുപ്പ വലിപ്പം കൂടാതെ ആരേയും പരിഗണിച്ചിരുന്ന, വിശാല മനസ്സിന്റെ ഉടമയായിരുന്ന ഉമർ മൗലവി (റ) 75 ഫെബ്രുവരി ലക്കം സൽസബീലിൽ, ശൈഖിന്റെ ഈ മറുപടി പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു.

ചോ: മൗലവിയുടെ ആവശ്യത്തെയും മൗലവിയെത്തന്നെയും ശൈഖ് പരിഗണിക്കാതിരിക്കാനുള്ള കാരണമെന്തായിരിക്കും?

ഉ: സത്യത്തിൽ മൗലവിയെ ശൈഖ് 'പരിഗണി'ച്ചിരുന്നുവൊ എന്ന് താഴെ വിശദീകരിക്കുന്നുണ്ട്.

നിങ്ങളുടെ ചോദ്യത്തിന് ഉത്തരം പറയാം. കാരക്കുന്ന് സാഹിബ്, ചന്ദ്രികയിലെ ലേഖനത്തിൽ നൽകിയ ഹദീസിന്റെ അർഥമുണ്ടല്ലൊ, അത് തീർത്തും തെറ്റായിരുന്നു. തന്റെ ആചാര്യൻ മൗദൂദിക്കു വേണ്ടിയുള്ള ആത്മാർഥമായ ഒരുതരം 'കോട്ടിമാട്ടൽ ഇബാദത്ത്'! ഇസ്‌ലാമിന്റെ സങ്കൽപ വീട് പൊളിച്ചു മാറ്റി യഥാർഥ വീട് പണിയാനുള്ള സമഗ്രമായ (സമർഥമായ എന്നും പറയാം) ശ്രമത്തിന്റെ ഭാഗമായിരുന്നിരിക്കണം അത്.

അല്ലാഹുവിന്റെ റസൂലിന്റെ ഹദീസിന്റെമേലുള്ള ഈ നിഷ്ഠൂരമായ കയ്യേറ്റം കണ്ടപ്പോൾ പ്രവാചക സ്നേഹിയായ ഉമർ മൗലവി(റ) കാരക്കുന്നിന് കത്തെഴുതി: താങ്കൾ അർഥം നൽകിയ വിധത്തിലുള്ള അറബിമൂലം അയച്ചു തരണമെന്ന്.

പ്രവാചക(സ്വ)ന്റെ അന്ത്യപ്രസംഗത്തിലെ വരികൾ അനേകം ഹദീസുകളിൽ വിശ്രുതമാണ്. കാരക്കുന്ന് എഴുതിയ വിധത്തിലുള്ളൊരു പ്രസ്താവന പ്രവാചകന്റെ അന്ത്യപ്രസംഗം രേഖപ്പെടുത്തപ്പെട്ട ഹദീസുകളിലൊന്നിലും കാണുക വയ്യ! അതുകൊണ്ടുതന്നെ ഉമർ മൗലവിയുടെ ആവശ്യം പരിഗണിക്കാനുള്ള ആദർശപരമൊ വൈജ്ഞാനികമൊ ആയ ത്രാണി കാരക്കുന്നിനുണ്ടായിരുന്നില്ല. കാരക്കുന്നിന്റെ എന്നല്ല, ജമാഅത്തെ ഇസ്‌ലാമിയുടെ തന്നെ കൊല്ലിക്കു പിടിക്കുന്ന, മൗലവിയുടെ പ്രസ്തുത ആവശ്യത്തെ അതുകൊണ്ടുതന്നെ, കാരക്കുന്നിന് പരിഗണിക്കാനും കഴിയുമായിരുന്നില്ല.

അപ്പോഴാണ്, 'ആവശ്യക്കാരനെത്തന്നെ ഞാൻ പരിഗണിച്ചിട്ടേയില്ല' എന്ന ദേഹേച്ഛയെന്ന ഇലാഹിന് ഇബാദത്തെടുക്കുന്ന നിലപാടിൽ കാരക്കുന്ന് എത്തിച്ചേർന്നത്.

താനെഴുതിയ വിധം അർഥമുള്ള ഒരു ഹദീസ് കാണിക്കാൻ അന്ത്യനാൾവരെ കാരക്കുന്നിനാകില്ലെന്ന് അയാൾക്ക് തന്നെ കൃത്യമായും അറിയാം.

ചോ: ജമാഅത്തിന്റെ കൊല്ലിക്ക് പിടിക്കുന്ന ആവശ്യമാണ് ഉമർമൗലവിയുടേത് എന്ന് പറഞ്ഞല്ലൊ. വിശദീകരിക്കാമൊ?

ഉ: തീർച്ചയായും. ഇസ്‌ലാമിന് രാഷ്ട്രീയവ്യാഖ്യാനം രചിച്ച ജമാഅത്തു സ്ഥാപകനായ മൗദൂദി സാഹിബ് ഇസ്ലാമിലെ ഇബാദത്തിന് വിശാലമായ അർഥവ്യാപ്തി നൽകുകയുണ്ടായി. അടിമത്തം, അനുസരണം, ആരാധന എന്നിങ്ങനെ മൂന്നർഥവും ഇബാദത്തിൽ പരിഗണിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ദുനിയാവിൽ ഇസ്‌ലാമിന്റെ അഖീദയറിയുന്ന ഒരാളും മനസ്സിലാക്കിയിട്ടില്ലായിരുന്ന ഒരാശയമായിരുന്നു മൗദൂദിയുടേത്, ജമാഅത്തിന്റേതും.

ഈ അർഥപരിഗണനയിലാണ് ഇന്ത്യാ ഗവൺമെന്റിനെ അനുസരിക്കുന്നത് ശിർക്കാണ് എന്ന് പറയാൻ അവരെ പ്രേരിപ്പിച്ചത്. ഈ അടുത്ത കാലത്ത് ജമാഅത്ത് സുന്നഹദോസ് തങ്ങളുടെ പോളിസീ പ്രോഗ്രാമിൽ നീക്കുപോക്കുകൾ വരുത്തുന്നതുവരെ അക്കാര്യം തുറന്നെഴുതിയവരാണ് ജമാഅത്തുകാർ. കേരളത്തിൽ അതിന്റെ മുന്നിൽനിന്നവരിലൊരാളാണ് ശൈഖ് മുഹമ്മദ് കാരക്കുന്ന്.

ഇബാദത്തിന് അനുസരണം എന്ന് പറഞ്ഞാലുണ്ടാകാവുന്ന അപകടങ്ങളെ ഇസ്‌ലാഹീ പണ്ഡിതന്മാർ വേണ്ടവിധം സമൂഹത്തെ ബോധ്യപ്പെടുത്താൻ തുടങ്ങിയപ്പോഴാണ് കാരക്കുന്നന്മാർക്ക് മൂക്കിൽ ശുണ്ഠി കയറിയത്. പ്രസ്തുത ഇസ്‌ലാഹീ പണ്ഡിതന്മാരിൽ പ്രമുഖനായിരുന്നു ഉമർ മൗലവി(റ).

ജമാഅത്തിന്റെ അനിസ്ലാമിക വാദങ്ങളെ തന്റെ എളിയ സംരംഭമായ സൽസബീൽ മാസികയിലൂടെ ഉമർ മൗലവി ചോദ്യം ചെയ്തു. ഇന്ത്യാരാജ്യത്ത് ജമാഅത്തെ ഇസ്‌ലാമി അപകടമാണെന്ന് അദ്ദേഹം തുറന്നെഴുതി. അദ്ദേഹത്തിന്റെ പ്രമാണബദ്ധമായ ഒരൊറ്റ ചോദ്യത്തിനും നട്ടുനിവർത്തി മറുപടി പറയാൻ അന്ന് ഒരു ജമാഅത്തുകാരനും ഉണ്ടായിരുന്നില്ല; ഇന്നുമില്ല.

ജമാഅത്തിന്റെ അനിസ്‌ലാമിക വാദങ്ങൾക്കെതിരിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു, നാം മുകളിൽ വായിച്ച കാരക്കുന്നിനോടുള്ള ഉമർ മൗലവി(റ)യുടെ ചോദ്യം. എന്തു കൊണ്ടെന്നാൽ, കാരക്കുന്ന് തെറ്റായി അർഥം നൽകിയ ഹദീസ് വാചകങ്ങൾ, ഇബാദത്തിന് അനുസരണം എന്ന് അർഥം പറയുന്ന ജമാഅത്തെ ഇസ്ലാമിയെ സംബന്ധിച്ചടത്തോളം അവരുടെ കണ്ഠകോടാലിയായിരുന്നു. അവയുടെ നേർക്കുനേരെയുള്ള അർഥം എഴുതിയാൽ ജമാഅത്തെ ഇസ്‌ലാമീ എന്ന മതരാഷ്ട്രവാദ സംഘടനക്ക് കഴുത്തു കാണില്ലെന്ന് ബോധ്യപ്പെട്ടതിനാലാണ് ശൈഖ് മുഹമ്മദ് കാരക്കുന്ന്, ആ വാചകങ്ങൾക്കില്ലാത്ത അർഥവുമായി ചന്ദ്രികയിൽ പ്രത്യക്ഷപ്പെട്ടത്. പ്രവാചക (സ്വ)ന്റെ പേരിൽ പച്ചക്കള്ളമെഴുതാനുള്ള ശൈഖിന്റെ ചങ്കുറപ്പ് ഒന്നു വേറെത്തന്നെയാണ്. ആ പച്ചക്കള്ളത്തെയാണ് ഉമർ മൗലവി(റ) കയ്യോടെ പിടികൂടിയത്.

അയാൾ എഴുതിയത് ഒന്നു കൂടി വായിക്കുക:

''ജനങ്ങളെ പിശാചിന്ന് നിരാശനാണ്. നിങ്ങളുടെ ഈ രാജ്യം അവന്റെ കൽപന നിരാകരിച്ചിരിക്കുന്നുവെന്ന് ബോധ്യമായിട്ടുണ്ട്. അതിനാൽ അവൻ പ്രതികാരം ആഗ്രഹിക്കുന്നു. ശ്രദ്ധിക്കുക സൂക്ഷിക്കുക.''

ഏത് പ്രവാചകന്റെ ഏത് അന്ത്യപ്രസംഗത്തിലാണ് ഇങ്ങനെയൊരു പ്രസ്താവനയുള്ളത്? കാരക്കുന്നിന് ഇന്നും നേരിടാൻ ധൈര്യമില്ലാത്ത ചോദ്യമാണിത്.

ചോ: ഏതാണ് പ്രവാചക ഹദീസിലെ പ്രസ്തുത വാചകങ്ങൾ?

ഉ: താഴെ കാണുന്നതാണ് ഹദീസ്

عن ابن عباس – رضي الله عنهما – قال : إن رسول الله – صلى الله عليه وسلم – خطب الناس في حجة الوداع فقال : (إن الشيطان قد يئس أن يعبد بأرضكم، ولكن رضي أن يطاع فيما سوى ذلك مما تحقرون من أعمالكم، فاحذروا، ... ) أخرجه الحاكم في المستدرك

ചോ: ഈ വചനങ്ങളുടെ ശരിയായ അർഥമെന്താണ്?

ഉ: ''നിങ്ങളുടെ ഈ നാട്ടിൽ താൻ ഇബാദത്ത് (ആരാധന) ചെയ്യപ്പെടുകയില്ല എന്നതിനെ കുറിച്ച് പിശാച് നിരാശനായിരിക്കുന്നു. എന്നാൽ നിങ്ങൾ നിസ്സാരമെന്ന് വിചാരിക്കുന്ന പ്രവർത്തനങ്ങളിൽ അവൻ

അനുസരിക്കപ്പെടും എന്ന കാര്യത്തിൽ അവൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾ കരുതിയിരിക്കുക.''

ഇതാണ് പ്രവാചക ഹദീസിന്റെ അർഥം. മേലെ നൽകിയ കാരക്കുന്നിന്റെ അർഥവും ഇപ്പോൾ വായിച്ച, ഹദീസിന്റെ യഥാർഥ അർഥവും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള യോജിപ്പ് കാണുന്നുണ്ടോ? ഇല്ലേയില്ല.

ഇബാദത്തിന് അനുസരണം എന്ന് അർഥം പറഞ്ഞാലുണ്ടാകുന്ന ഭീമമായ ഭവിഷ്യത്താണ് പ്രസ്തുത ഹദീസ് തുറന്നുകാട്ടുന്നത്. പിശാച് ഇബാദത്തെടുക്കപ്പെടുകയില്ലെന്നും ഇത്വാഅത്ത് ചെയ്യപ്പെടുമെന്നുമാണ് പ്രസ്തുത ഹദീസിന്റെ സാരം. ഇബാദത്തിന് അനുസരണമെന്ന് അർഥം പറഞ്ഞാൽ പിശാചിനെ അനുസരിച്ചു കൊണ്ട് ചെയ്യുന്ന നിസ്സാരമെന്ന് കരുതുന്ന ദുഷ്കൃത്യങ്ങൾ പോലും ശിർക്കായി മാറും!! ദുനിയാവിൽ പിന്നെ, മുശ്രിക്കുകളല്ലാത്ത വല്ലവരുമുണ്ടാകുമൊ; നിർബന്ധിതാവസ്ഥയിൽ പന്നിയിറച്ചി തിന്നുന്നു എന്ന് പറയുന്ന ചില പ്രോഗ്രാം പോളിസി ക്കാരല്ലാതെ!

ഇബാദത്തിനേയും ഇത്വാഅത്തിനേയും വേർതിരിക്കുന്ന മുകളിൽ വായിച്ച ഹദീസ് നേർക്കുനേരെ അർഥം പറയാതിരിക്കാനും, തോന്നിയൊരർഥം പറഞ്ഞ് വായനക്കാരെ കബളിപ്പിക്കാനും, അറബിമൂലമെവിടെ എന്ന് ചോദിച്ച ഉമർ മൗലവിയെ 'ഞാൻ പരിഗണിച്ചിട്ടേയില്ല' എന്ന് ന്യായം പറഞ്ഞ് 'തടികയ്ചലാക്കാനും' കാരക്കുന്നിനെ പ്രേരിപ്പിച്ചതിന്റെ ഗുട്ടൻസ് വായനക്കാർക്ക് ഇപ്പോൾ മനസ്സി ലായിക്കാണുമല്ലൊ?

ചോ: സത്യത്തിൽ മൗലവിയെ കാരക്കുന്ന് 'പരിഗണി'ച്ചിരുന്നുവൊ എന്ന് ശേഷം വിശദീകരിക്കാമെന്ന് താങ്കൾ പറഞ്ഞിരുന്നല്ലൊ. എന്താണത്?

ഉ: കാരക്കുന്ന് ഉമർ മൗലവിയെ പരിഗണിച്ചിരുന്നു. സത്യമായും പരിഗണിച്ചിരുന്നു. 'ആ ഹദീസിന്റെ അറബി മൂലമെവിടെ' എന്ന ഖൽബിൽ കുത്തുന്ന ചോദ്യവുമായി കാരക്കുന്നിന്റെ ഊണിലും ഉറക്കിലും മൗലവി നിറഞ്ഞു നിന്നിരുന്നു. അതുകൊണ്ടാണല്ലൊ, മൗലവി മരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും, തന്റെ 'ഓർമ്മയുടെ ഓളങ്ങളി'ലൂടെ സഞ്ചരിച്ച് 'ആരാമ'ത്തിനകത്ത് വന്ന് **'സമുദായത്തിൽ ശൈഥില്യം വളർത്തിയ മാസിക'** എന്ന് മൗലവിയുടെ സൽസബീലിനെപ്പറ്റി കാരക്കുന്ന് അനവസരത്തിൽ പൊളള് പറഞ്ഞ് പോയത്!!

കാരക്കുന്നിന് അവ്വിധമൊരു ലേഖനമെഴുതി ഉമർ മൗലവിയെ നുണയനാക്കാൻ നിലവിലുണ്ടായിരുന്ന സാഹചര്യമെന്തായിരുന്നു? അനവസരത്തിലുള്ള ഈ ലേഖനം കൊണ്ട് കാരക്കുന്നനുഭവിച്ച ആത്മഹർഷമെന്തായിരിക്കും? പക, പറഞ്ഞുതീർക്കുക എന്നൊരു ചൊല്ലുണ്ട്. അതാണ് കാരക്കുന്നത് ആരാമത്തിലൂടെ നിർവഹിച്ചത്. അതെ, ആണ്ടുകൾ പിന്നിട്ടാലും ഉമർ മൗലവിയെ അവഗണിക്കാൻ കാരക്കുന്നിന് സാധ്യമല്ല എന്നതിന്റെ വ്യക്തമായ സാക്ഷ്യമാണ്, അനവസരത്തിലുള്ള അദ്ദേഹത്തിന്റെ ഈ ആരാമക്കവാത്ത്.

ചോ: പ്രസ്തുത ലേഖനത്തിൽ കാരക്കുന്ന് സാഹിബ് ഉമർ മൗലവിയുടെ കളവുകൾ എടുത്തുദ്ധരിച്ചിട്ടുണ്ടല്ലൊ?

ഉ: താൻ പരിഗണിച്ചിട്ടേയില്ലാത്ത ഒരു മനുഷ്യനും, അയാളുടെ മാസികയും, കാരക്കുന്നിന്റെ ഓർമ്മകളിൽ, 'ഒരുതിര പിന്നെയും തിര' എന്ന മട്ടിൽ ഓളംവെട്ടിയപ്പോഴുണ്ടായ കരഞ്ഞുതീർക്കലായിരുന്നു ഉമർ മൗലവി പറഞ്ഞ കളവുകൾ എന്ന അപവാദം. ശൈഖിന്റെ കളവാരോപണങ്ങൾക്കുള്ള മറുപടി 2009 ഡിസംബർ ലക്കം ഇസ്‌ലാഹിൽ ബഹുമാന്യനായ ശംസുദ്ധീൻ പാലത്ത് നൽകിയിട്ടുള്ളതിനാൽ കൂടുതൽ വിശദീകരിക്കുന്നില്ല. ('അസിസ്റ്റന്റ് അമീറിന്റെ പാരഡിയും സൽസബീലിനോടുള്ള പകയും' എന്ന ലേഖനം വായിക്കുക).

എന്നാൽ, നമ്മുടെ ഈ ലേഖനത്തിന്റെ സന്ദർഭവുമായി യോജിക്കുന്ന ഒരു ചോദ്യം ശൈഖ് മുഹമ്മദിനോട് നമുക്ക് ചോദിക്കാനുണ്ട്. ഉമർ മൗലവിയുടെ കളവുകൾ എടുത്തുദ്ധരിച്ച കാരക്കുന്നിന്, മൗലവിയുടെ മറ്റൊരു കളവിനെ(?)ക്കൂടി പുറത്തു കൊണ്ടുവരാൻ കിട്ടിയ അവസരം എന്ത് കൊണ്ട് അദ്ദേഹം ഉപയോഗപ്പെടുത്തിയില്ല എന്നതാണ് ആ ചോദ്യം.

''ചന്ദ്രികയിലെഴുതിയ അന്ത്യപ്രവാചകന്റെ അന്ത്യപ്രസംഗം എന്ന തന്റെ ലേഖനത്തിൽ ഒരു ഹദീസിന് താൻ കൊടുത്ത അർഥം തെറ്റാണെന്ന് ഉമർ മൗലവി വലിയ ഒരു കളവു പറഞ്ഞിരുന്നു, സൽസബീലിൽ അദ്ദേഹം അത് ആവർത്തിച്ചിരുന്നു,'' എന്ന ആരോപണം കൂടി മൗലവിയുടെ കളവുകളുടെ കൂട്ടത്തിൽ കാരക്കുന്നിന് കൊടുക്കാമായിരുന്നു. ഒപ്പം, ''ഇതാ ആ ഹദീസിന്റെ അറബി മൂലം, ഞാൻ പറഞ്ഞതല്ലാത്ത മറ്റൊരർഥവും അതിനില്ല'' എന്ന് കൂടി കാരക്കുന്നിന് സത്യം(?) പറയാമായിരുന്നു.''

എന്തേ, കാരക്കുന്നിന്റെ ഓളങ്ങളിൽ ഈ സംഗതി മാത്രം പൊന്തിവന്നില്ല? എന്തേ, ഇക്കാര്യത്തിൽ മാത്രം മൗലവിയെ പരിഗണിക്കാൻ കാരക്കുന്നിനൊരു വല്ലായ്ക? അക്കാര്യം കൂടി ആരാമത്തിലെഴുതിയാൽ എന്തേ, ജമാഅത്തു സഹോദരിമാർക്ക് അത് മനസ്സിലാകില്ലെന്നുണ്ടൊ?

ഒരു പേടിസ്വപ്നമായിട്ടല്ല, 'പേടിയാഥാർഥ്യ'മായിത്തന്നെ ഉമർ മൗലവിയും സൽസബീലും കാരക്കുന്നിന്റേയും മറ്റു സഹജമാഅത്തുകാരുടേയും മനസ്സിൽ പരിഗണിക്കപ്പെട്ടു കിടന്നിരുന്നു എന്നതാണ് യാഥാർഥ്യം.

ചോ: ഉമർ മൗലവി കെ. സി. ക്ക് അസ്‌ലിം തസ്‌ലം എന്ന് കത്തെഴുതിയിരുന്നു എന്ന ആരോപണം കൂടി കാരക്കുന്ന് എഴുതിയിട്ടുണ്ടല്ലൊ. ശംസുദ്ദീൻ പാലത്തിന്റെ മറുപടിയിൽ അക്കാര്യം മിണ്ടിയിട്ടേയില്ലല്ലൊ?

ഉ: അസ്‌ലിം തസ്‌ലം എന്ന സന്ദേശം ഉമർ മൗലവി മുമ്പും പലർക്കുമയച്ചിട്ടുണ്ട് എന്ന് കേട്ടിട്ടുണ്ട്. മുസ്‌ലിമാവുക വിജയിക്കാം എന്നതാണ് പ്രസ്തുത വാചകത്തിന്റെ ആശയം. മുസ്‌ലിമാവുക എന്നാൽ ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്ന സാക്ഷ്യ വചനങ്ങൾ മനസ്സിലുറപ്പിച്ച് നാവുകൊണ്ട് പ്രഖ്യാപിക്കുക എന്നതാണ്. പിന്നെ ആ പ്രഖ്യാപനത്തിനനുസരിച്ച് ജീവിക്കുകയും ചെയ്യുക.

അസ്‌ലിം തസ്‌ലം എന്ന് അഥവാ ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്ന ആദർശം സ്വീകരിക്കൂ വിജയിക്കാം എന്ന് പറയുക വഴി ഉമർ മൗലവി ചെയ്തത് തെറ്റായിരുന്നുവൊ?

എങ്കിൽ ആ ഭീമമായ തെറ്റ് സ്വന്തം ഭരണഘടനയിൽ എഴുതിവെച്ചവരാണ് ജമാഅത്തുകാർ!

'സമഗ്ര ഇസ്‌ലാം' ജമാഅത്തെ ഇസ്‌ലാമിയാണ് എന്ന് വിശ്വസിക്കുന്നവരാണ് ജമാഅത്തുകാർ. മറ്റുള്ളവയെല്ലാം, മുഴു കുഫ്റിലൊ, ഭാഗിക കുഫ്റിലൊ മുഴു ശിർക്കിലൊ, ഭാഗിക ശിർക്കിലൊ (രാഷ്ട്രീയ ശിർക്ക് പോലുള്ളവ) അകപ്പെട്ടവരാണ് എന്നാണ് അവരുടെ വാദം. ഈ വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് ജമാഅത്തെ ഇസ്‌ലാമി എന്ന സമഗ്ര ഇസ്‌ലാമിൽ അംഗത്വം കിട്ടണമെങ്കിൽ അയാൾ എന്ത് ചെയ്യണം? അതിന് ചില നിബന്ധനകളുണ്ട്. ഒന്നാമതായി അയാൾ ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്ന ആദർശം പ്രഖ്യാപിക്കണം. ഒരു മുജാഹിദും, സുന്നിയും, ഹിന്ദുവും, ക്രിസ്ത്യാനിയുമൊക്കെ ജമാഅത്തിൽ അംഗമാകണമെങ്കിൽ ഇതു തന്നെയാണ് നിബന്ധന. ജമാഅത്തിന്റെ ഭരണഘടന വായിക്കൂ:

**ഭാഗം രണ്ട് ജമാഅത്തിലെ അംഗത്വം**

**നിബന്ധനകള്**

ഖണ്ഡിക:6

സ്ത്രീ-പുരുഷ വ്യത്യാസമോ ജാതി- വര്ഗ ഭേദമോ കൂടാതെ ഇന്ത്യന് യൂണിയനിലെ ഏതു പൌരനും താഴെ വിവരിക്കുന്ന നിബന്ധനകളോടുകൂടി ഇന്ത്യന് ജമാഅത്തെ ഇസ്ലാമിയില് അംഗമാകാവുന്നതാണ്:

1. ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുര്റാ സൂലുല്ലാഹി എന്ന ആദര്ശം:അതിന്റെ വിശദീകരണ സഹിതം (ഖണ്ഡിക: 3-ല് പറഞ്ഞത്) ഗ്രഹിച്ചശേഷം, അതുതന്നെയാണ് തന്റെ ആദര്ശമെന്ന് സാക്ഷ്യം വഹിക്കുക.

2. ജമാഅത്തിന്റെ ലക്ഷ്യം അതിന്റെ വിശദീകരണസഹിതം (ഖണ്ഡിക: 4-ല് പറഞ്ഞത്) ഗ്രഹിച്ചശേഷം, അതുതന്നെയാണ് അതിന്റെ ലക്ഷ്യമെന്ന് സമ്മതിച്ചു പറയുക.

3. ജമാഅത്തിന്റെ പ്രവര്ത്തനമാര്ഗം(ഖണ്ഡിക: 5-ല് പറഞ്ഞത്) അനുസരിച്ചുകൊള്ളാമെന്ന് സമ്മതിച്ചു പറയുക.

4. ജമാഅത്ത് ഭരണഘടന ഗ്രഹിച്ചശേഷം ഈ ഭരണഘടനയും തദനുസൃതമായ പാര്ട്ടീവ്യവസ്ഥയും അനുസരിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുക.

ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്ന ആദർശം പ്രഖ്യാപിച്ച് 'ജമാഅത്തുകാരനാവുക; നിനക്ക് വിജയിക്കാം' എന്നുതന്നെയല്ലെ ജമാഅത്തെ ഇസ്‌ലാമി മാലോകരോട് പറയുന്നത്? ഒരു അമുസ്‌ലിമിനോടെന്ന പോലെ, മുസ്‌ലിമായ മുജാഹിദിനോടും മുസ്‌ലിമായ സുന്നിയോടും ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശം ഇതു തന്നെയല്ലെ? ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുള്ള എന്ന സാക്ഷ്യം 'പുതുക്കാതെ' ജമാത്തല്ലാത്ത ഒരു മുസ്‌ലിമിനും ജമാഅത്തെ ഇസ്‌ലാമിക്കാരനാകാൻ കഴിയില്ല എന്നതാണ് വാസ്തവം. അഥവാ ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശവും അസ്‌ലിം തസ്‌ലം തന്നെ എന്നർഥം.

അപ്പോൾ ജമാഅത്തുകാരോട് അസ്‌ലിം തസ്‌ലം എന്ന് ഉമർ മൗലവി പറഞ്ഞാൽ തെറ്റും, അത് ജനങ്ങളോട് മുഴുവൻ കാരക്കുന്ന് പറഞ്ഞാൽ ശരിയുമാകുന്നതെങ്ങിനെ?

ജമാഅത്തിലെ അംഗത്വത്തിനുള്ള നിബന്ധനകൾ നാലെണ്ണമാണ് കൊടുത്തിട്ടുള്ളത്. സമഗ്ര ഇസ്‌ലാമിൽ ചേർന്ന് ഒരു 'ജമാഅത്ത്മുസ്‌ലി'മായി വിജയിക്കാൻ ഒരു വ്യക്തിക്ക് നാല് നിബന്ധനകൾ പാലിക്കണം! ശഹാദത്തുൽ കലിമത്തൈൻ വേണം! ഫഹ്മു ഹദ്ഫിൽ ജമാഅത്തി വത്തഖ്‌രീർ വേണം! ഇത്വാഅത്ത് വേണം! ബൈഅത്ത് വേണം! സുബ്ഹാനല്ലാഹ്. മഹാനായ ഉമർ മൗലവി(റ) ഇത്ര വിശാലമായ കാര്യങ്ങളൊന്നും ആവശ്യപ്പെട്ടിരുന്നില്ലല്ലൊ? അപ്പോൾ അസ്‌ലിം തസ്‌ലമിനെ അത്ര കൊടിയ പാതകമായി കണക്കാക്കേണ്ട ആവശ്യമൊന്നുമില്ല. പെണ്ണുങ്ങളുടെ മുന്നിൽ മേനി പറയാൻ ഉമർ മൗലവിയും സൽസബീലുമല്ലാത്ത മറ്റുവല്ലതുമൊക്കെ നോക്കുന്നതായിരുന്നു കാരക്കുന്നിന് നല്ലത്. പക്ഷെ, തന്റെ മനസ്സിലെ പക പറഞ്ഞു തീർത്തില്ലെങ്കിൽ അതിയാനെങ്ങിനെ ഉറക്കം വരും!

അബൂ നസ്വീഫ്